II ഇ.ബി. XIII- കേരള നിയമസഭ/X-8

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2014 ജനുവരി 27, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**24 (*211) സമഗ്ര ജീവിതശൈലി രോഗനിയന്ത്രണ ബോധന പദ്ധതി**

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) നൽകിയ മറുപടിയിൽ, മന്ത്രിസഭയുടെ രണ്ടാം വാർഷിക ത്തോടനുബന്ധിച്ച് പ്രഖ്യാപിച്ച ഏഴിന കർമ്മ പരിപാടിയായ സമഗ്ര ജീവിത ശൈലി രോഗനിയന്ത്രണ ബോധന പദ്ധതി (LEAP) ആരോഗ്യവകുപ്പ്, എൻ. ആർ.എച്ച്.എം, സ്കൂൾ ഹെൽത്ത് പ്രോഗ്രാം എന്നിവ മുഖേന നടപ്പിലാക്കി വരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ഹെൽത്ത് ക്ലബ്ബുകൾ/മേളകൾ തുടങ്ങിയവ മുഖേന ചിട്ടയായ വ്യായാമം, ആരോഗ്യകരമായ ആഹാരക്രമം എന്നിവ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും പുകവലി, മദ്യം, മയക്കുമരുന്ന് എന്നിവയ്ക്കെതിരെ അവബോധം സൃഷ്ടി ക്കുകയും ചെയ്യുക, വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നാടകം, പോസ്റ്റർ പ്രദർശനം എന്നിവ സംഘടിപ്പിക്കുക, വിദ്യാലയങ്ങളിൽ വ്യായാമങ്ങൾക്ക്

സൗകര്യമൊരുക്കുക, വിദ്യാലയങ്ങളിലേയ്ക്കും തിരിച്ചും കാൽനട യാത്ര/സൈക്കിൾ യാത്ര, യോഗ, കായികാഭ്യാസം എന്നിവ പ്രോത്സാഹിപ്പിക്കുക, ആരോഗ്യകരമായ ഭക്ഷണമുണ്ടാക്കുന്ന രീതി, പച്ചക്കറിത്തോട്ട നിർമ്മാണം എന്നിവയിൽ പരിശീലനം നൽകുക, ജീവിതശൈലി രോഗങ്ങൾ കണ്ടെത്തുന്നതിനുള്ള പരിശോധനകൾ നടത്തുകയും രോഗനിയന്ത്രണത്തിനായി വിദ്യാർത്ഥികളിൽ ബോധവൽക്കരണ സന്ദേശങ്ങളെത്തിക്കുകയും ചെയ്യുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. ആരോഗ്യ പ്രവർത്തകർ, മെഡിക്കൽ ഓഫീസർ, ഡയറ്റീഷ്യൻ എന്നിവർ മുഖാന്തിരം വിദ്യാലയങ്ങളിൽ സ്ഥിരമായി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്ക് വിദ്യാഭ്യാസ വകുപ്പിന്റെ സാങ്കേതിക സഹായമല്ലാതെ കേന്ദ്രസഹായം ലഭിക്കുന്നില്ല. ജീവിതശൈലി രോഗങ്ങൾ തടയുന്നതിന്റെ ഭാഗമായി 'അമൃതം ആരോഗ്യം' പദ്ധതിപ്രകാരം സബ്സെന്ററുകൾ, പി.എച്ച്.സി.-കൾ, സി.എച്ച്.സി.-കൾ എന്നിവവഴി സൗജന്യമായി സ്ക്രീനിംഗ് നടത്തുന്നതിനും ചികിത്സ ലഭ്യമാക്കുന്നതിനുമാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും ഇതിനായി ആശാ വർക്കേഴ്സിന്റെ സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. 'ആരോഗ്യ കിരണം' പദ്ധതിപ്രകാരം 18 വയസ്സിനുതാഴെയുള്ള കുട്ടികൾക്ക് സൗജന്യചികിത്സ ലഭ്യമാക്കുന്നുണ്ട്. ജീവിതശൈലി രോഗബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതും ഹെൽത്ത് കാർഡ് നൽകുന്നതും സംബന്ധിച്ച് പരിശോധിക്കുന്നതാണ്. 'ജീവനി' എന്നപേരിൽ ആയുർവേദ വകുപ്പും 'ആയുഷ്മാൻ ഭവ' എന്നപേരിൽ ഹോമിയോ വകുപ്പും ജീവിതശൈലി രോഗനിയന്ത്രണ ചികിത്സാ പരിപാടികൾ നടപ്പിലാക്കിവരികയാണെന്നും

കൂടുതൽ ആശുപത്രികളിലേയ്ക്ക് ഇത് വ്യാപിപ്പിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഫുഡ് സേഫ്റ്റി ഓഫീസർമാരെ നിയോഗിച്ചുകൊണ്ട് ഹോട്ടലുകളിലെ പരിശോധന കാര്യക്ഷമമാക്കുന്നതാണ്. കാൻസറിനെ സംബന്ധിച്ച് ജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിനായി 'Kerala Campaign against Cancer' എന്ന സമഗ്രപദ്ധതി ദേശീയ കാൻസർ ദിനമായ ഫെബ്രുവരി നാലാം തീയതി മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നതാണെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ ജില്ലകളിലാണിത് നടപ്പിലാക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. എറണാകുളത്ത് അന്തർദ്ദേശീയ നിലവാരത്തിലുള്ള കാൻസർ സെന്റർ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എറണാകുളത്തും കോഴിക്കോട്ടും ടേർഷ്യറി കാൻസർ സെന്റർ ആരംഭിക്കുന്നതിനായി 45 കോടി രൂപവീതവും തിരുവനന്തപുരത്തെ ആർ.സി.സി. സ്റ്റേറ്റ് ഇൻസിസ്റ്റ്യൂട്ടായി ഉയർത്തുന്നതിനുവേണ്ടി 125 കോടി രൂപയും കേന്ദ്രഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. എല്ലാ ജില്ലാ ആശുപത്രികളിലും കാൻസർ ഡിറ്റക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടെന്നും 5 മെഡിക്കൽകോളേജുകളിൽ മിനി ആർ.സി.സി.–കൾ ആരംഭിക്കുന്നതാണെന്നും കാൻസർ സുരക്ഷാ പദ്ധതി പ്രകാരം കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കിയിട്ടുണ്ടെന്നും ചിസ് പ്ലസ്, കാരുണ്യ ബെനവലന്റ് ഫണ്ട് എന്നിവവഴിയും ചികിത്സാസഹായം നൽകുന്നുണ്ടെന്നും ആയുഷ് ഡിപ്പാർട്ടുമെന്റ് രൂപീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

25 (*212) <u>കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി</u>

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, 12/01/2012–ന് പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആരംഭിച്ച കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ പ്രവർത്തനം 16 ആരോഗ്യസ്ഥാപനങ്ങളിൽക്കൂടി വ്യാപിപ്പിച്ചിട്ടുണ്ടെന്നും തെരഞ്ഞെടുത്ത ജില്ലാ/താലൂക്ക് ആശുപത്രികളിലായി 35 എണ്ണം സ്ഥാപിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഇടനിലക്കാരെ ഒഴിവാക്കി കമ്പനികളിൽ നിന്നും നേരിട്ട് സംഭരിച്ച് വളരെ കുറഞ്ഞ വിലയ്ക്കാണ് പ്രസ്തുത ഫാർമസികൾ മുഖേന മരുന്നുകൾ വിതരണം ചെയ്തുവരുന്നത്. ജീവൻരക്ഷാ മരുന്നുകൾ പൊതുവിപണിയേക്കാൾ 93% വരെ വിലക്കുറവിലാണ് ലഭ്യമാക്കുന്നതെന്നും മരുന്നുകളുടെ വില വ്യത്യാസം അറിയുന്നതിനുള്ള സംവിധാനവും ടോക്കൺ സമ്പ്രദായവും കാരുണ്യ ഫാർമസി ഔട്ട് ലെറ്റുകളിൽ ഏർപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ നിന്നും സ്ഥിരമായി മരുന്നുകൾ വാങ്ങുന്നവർക്ക് ഫാമിലി മെഡിസിൻ കാർഡ്, കാരുണ്യ ലോയൽറ്റി ഡിസ്ക്കൗണ്ട് കാർഡ് എന്നീ പദ്ധതികൾ പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ 2012 നവംബർ 1 മുതൽ ആരംഭിച്ചിട്ടുണ്ട്. കാരുണ്യ ഫാമിലി മെഡിസിൻ കാർഡ് പദ്ധതിയിലെ അംഗങ്ങൾക്ക് അവർ സ്ഥിരമായി ഉപയോഗിക്കുന്ന മരുന്നുകൾ (ഫ്രിഡ്ജിൽ സൂക്ഷിക്കുന്ന മരുന്നുകൾ ഉൾപ്പെടെ) കൊറിയർവഴി വീടുകളിൽ എത്തിച്ചു കൊടുക്കുന്നുണ്ടെന്നും ഈ കാർഡ്

ലഭ്യമാക്കാൻ 2,500 രൂപ നിക്ഷേപിക്കേണ്ടതാണെന്നും കൊറിയർ ചാർജ്ജും അയയ്ക്കുന്ന മരുന്നുകളുടെ വിലയും പ്രസ്തുത തുകയിൽനിന്നും കുറവു ചെയ്യുന്നതായിരിക്കുമെന്നും ഇപ്രകാരം മരുന്നുകൾക്ക് 2% അധിക കിഴിവ് ലഭിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. കാരുണ്യ ലോയൽറ്റി ഡിസ്കൗണ്ട് കാർഡ് പദ്ധതിയിലെ അംഗങ്ങൾക്ക് 2% അധിക കിഴിവിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ കൗണ്ടറിൽ നിന്നും മരുന്നുകൾ വാങ്ങാവുന്നതാണ്. പ്രസ്തുത കാർഡ് ലഭിക്കുന്നതിന് 50 രൂപ നൽകേണ്ടതാണ്. കാരുണ്യ ഫാർമസിയിൽ നിന്നും 5,000 രൂപയ്ക്ക് മരുന്നു വാങ്ങുന്നവർക്ക് സൗജന്യമായി കാർഡ് നൽകുന്നതാണ്. രണ്ട് കാർഡുകളിലെയും ബോണസ് പോയിന്റ് 250 ആകുമ്പോൾ അടുത്ത ബില്ലിൽ 200 രൂപ കുറവ് ചെയ്യുന്നതാണ്. കാരുണ്യ ഫാർമസികളിലൂടെ 8500 ഇനം മരുന്നുകൾ വിതരണം ചെയ്യുന്നുണ്ടെന്നും അപാകതകളുണ്ടെങ്കിൽ പരിഹരിക്കുന്നതാണെന്നും ആയുർവേദ/ഹോമിയോ മരുന്നുകൾ വിതരണം ചെയ്യുന്നതിന് പ്രത്യേകമായി കാരുണ്യ ഫാർമസികൾ ആരംഭിക്കുന്നതു സംബന്ധിച്ച് ആലോചിക്കാവുന്നതാണെന്നും എല്ലാ ആശുപത്രികളിലും സൗജന്യ മരുന്നുവിതരണം ആരംഭിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

## 26 (*213) <u>പൈതൃകശേഷിപ്പുകൾ സംരക്ഷിച്ച് വിനോദസഞ്ചാര വികസനം</u>

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽകുമാർ) നൽകിയ മറുപടിയിൽ, പൈതൃക

ശേഷിപ്പുകൾ സംരക്ഷിച്ച് വിനോദസഞ്ചാര വികസനം സാദ്ധ്യമാക്കുന്നതിന്റെ ഭാഗമായി മുസിരിസ്/തലശ്ശേരി പൈതൃക പദ്ധതികളുടെ വിവര ശേഖരണം നടത്തിവരുന്നുണ്ടെന്നും തദ്ദേശീയരുടെ സഹകരണത്തോടെയാണ് ഇവ നടപ്പാക്കുന്നതെന്നും സഭയെ അറിയിച്ചു. അതിപുരാതനകാലം മുതൽ വിദേശികളുമായി വ്യാപാരബന്ധം പുലർത്തിയിരുന്ന തുറമുഖമാണ് മുസിരിസ്. മുസിരിസ് പൈതൃക പദ്ധതിക്ക് 40 കോടി രൂപ കേന്ദ്രസർക്കാർ അനുവദിക്കുകയും അതിന്റെ ഒന്നാംഘട്ട വികസനം പൂർത്തിയാക്കി വരികയുമാണ്. രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പുരാതന കാലത്ത് വ്യാപാരബന്ധം പുലർത്തിയിരുന്ന 31 ഓളം രാജ്യങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് യുണെസ്കോയുടെ സഹായത്തോടെ സ്പൈസ് റൂട്ട് പ്രോജക്ട് നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്. തലശ്ശേരി പദ്ധതിയിൽ 24 പ്രോജക്ടുകളുണ്ടായിരുന്നതിൽ 8 എണ്ണം പൂർണ്ണമായും നടപ്പാക്കുകയും 5 എണ്ണം പൂർത്തീകരിച്ചുവരികയുമാണെന്നും ബാക്കിയുള്ള പ്രവൃത്തികൾ അടിയന്തിരമായി ആരംഭിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. പ്രധാന വ്യാപാര കേന്ദ്രങ്ങളിലൊന്നായ മട്ടാഞ്ചേരിയിലെ ചരിത്ര പ്രാധാന്യമുള്ള പൈതൃക ശേഷിപ്പുകളായ ഡച്ച് പാലസ്, ജൂതപ്പള്ളി, സെന്റ് ഫ്രാൻസിസ് ചർച്ച് മുതലായവ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ഒരു കൾച്ചറൽ മൊസൈക്ക് മ്യൂസിയം മട്ടാഞ്ചേരിയിൽ സ്ഥാപിച്ചു വരുന്നുണ്ടെന്നും ഇതിനായി 4 കോടി 92 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ഫോർട്ട് കൊച്ചി ഹെറിറ്റേജ് പ്രോജക്ട് എന്ന പദ്ധതി ഫോർട്ട് കൊച്ചിക്കുവേണ്ടി തയ്യാറാക്കുന്ന മാസ്റ്റർപ്ലാനിൽ ഉൾക്കൊള്ളി ച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. തലശ്ശേരി പൈതൃക പദ്ധതിയിലുൾപ്പെടു

ത്തിയിരുന്ന കണ്ണൂരിലെ പട്ടാളപ്പള്ളിയുടെ നവീകരണ പ്രവൃത്തികൾ ഡിസൈൻ ലഭ്യമായാലുടൻ ആരംഭിക്കുന്നതാണ്. ഹരിപ്പാട് കുമാരകോടിയിൽ കുമാരനാശാൻ സ്മൃതി മണ്ഡപത്തോടനുബന്ധിച്ച് 4 കോടി രൂപ ചെലവിൽ ലിറ്റററി ടൂറിസം ആരംഭിക്കുന്നതാണെന്നും തൃശ്ശൂരിലെ ബ്രഹ്മസ്വം മഠം നവീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും ആലപ്പുഴയിലെ പൗരാണിക തുറമുഖങ്ങൾ സംരക്ഷിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും മലപ്പുറത്തെ സാംസ്കാരിക കേന്ദ്രങ്ങളെ സംയോജിപ്പിച്ചുകൊണ്ട് വിദേശികളെ ആകർഷിക്കുന്ന തരത്തിലുള്ള ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുന്നതും കോഴിക്കോട് എസ്.എം. സ്ട്രീറ്റ് കേരളീയ മാതൃകയിൽ രൂപപ്പെടുത്തുന്നതും സംബന്ധിച്ച് ആലോചിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2511 മുതൽ 2856 വരെയുള്ള ചോദ്യങ്ങളിൽ 117 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)